# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ആർ.ഒ.സി.102/18/എൻ.എസ്.2

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം,
തീയതി: 01 /07/2025

## സർക്കുലർ

വിഷയം:- ഉപദേശക സമിതികളുടെ പ്രവർത്തനങ്ങൾ - സംബന്ധിച്ച്

സൂചന:- 21/06/25 ലെ ആർ.ഒ..സി.നം.155/25/എൻ.എസ് നമ്പർ ബോർഡുത്തരവ്

ഡിപ്പാർട്ട്മെന്റ് ക്ഷേത്രങ്ങളിൽ ഉത്സവങ്ങളുടെയും, മറ്റ് ആഘോഷങ്ങളുടെയും ഭാഗമായി കലാപരിപാടികൾ, സ്റ്റേജ് ക്രമീകരണങ്ങൾ മറ്റ് അലങ്കാരങ്ങൾ എന്നിവ നടത്തുമ്പോൾ ആയത് കക്ഷി രാഷ്ട്രീയത്തിന് അതീതമായി എല്ലാ ഭക്തജനങ്ങളുടെയും താൽപര്യത്തിന് ആചാരനുഷ്ഠാനങ്ങൾക്കും വിധേയമായും ബഹു:ഹൈക്കോടതി ഉത്തരവിന് അനുസരിച്ചും നടത്തുന്നതിലേയ്ക്ക് സാംസ്കാരിക പുരാവസ്തു വിഭാഗം ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാർഗ്ഗ നിർദ്ദേശങ്ങളോട് കൂടിയ സർക്കുലർ പുറപ്പെടുവിക്കുന്നതിന് സൂചന പ്രകാരം ബോർഡ് ഉത്തരവ് നൽകിയിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ചുവടെ വിവരിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി നടപ്പിലാക്കേണ്ടതാണ്.

- ഹിന്ദുമത വിശ്വാസത്തിനും ക്ഷേത്രാചാരങ്ങൾക്കും എതിരായി ഏതെങ്കിലും വിധത്തിലുള്ള കലാപരിപാടികൾ അവതിപ്പിക്കുകയില്ലായെന്ന് 200/- രൂപ മുദ്രപത്രത്തിൽ ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്ക് ക്ഷേത്രോപദേശക സമിതി പ്രസിഡന്റ്/സെക്രട്ടറി ബോണ്ട് നൽകിയതിന്ശേഷമേ കൂപ്പൺ സീൽ ചെയ്ത് കൊടുക്കുവാൻ പാടുള്ളൂ

- ശിങ്കാരി മേളം, ഡി.ജെ പാർട്ടിയിലുള്ളതുപോലെ കേൾവിയ്ക്ക് അരോചകത്തമുണ്ടാക്കുന്ന വാദ്യമേളങ്ങൾ ക്ഷേത്ര മതിലകത്ത് കർശനമായി നിരോധിക്കുന്നു

- ഹിന്ദു ഭക്തിഗാനങ്ങൾ ആലപിക്കുന്ന ഭക്തി ഗാനമേളകൾ മാത്രമേ ക്ഷേത്ര മതിലകത്ത് പാടുള്ളൂ. ഹിന്ദു ഭക്തി ഗാനങ്ങളിൽ തന്നെ ഏതെങ്കിലും, രാഷ്ട്രീയ പാർട്ടികളുടെയും, പ്രസ്ഥാനങ്ങളുടെയോ പ്രാർത്ഥനാ ഗീതങ്ങൾ ആലപിക്കാൻ പാടുള്ളതല്ല.

- ക്ഷേത്ര കലകൾക്ക് പ്രാധാന്യമുള്ള കലാപരിപടികളാണ് ക്ഷേത്ര ഉത്സവങ്ങളിൽ കൂടുതലായി നടത്തേണ്ടത്.

- ഹിന്ദു മത വിശ്വാസത്തേയും, ക്ഷേത്രാചാരനുഷ്ഠാനങ്ങൾക്കും അനുയോജ്യമായ കലാപരിപാടികൾ മാത്രമേ ക്ഷേത്രാങ്കണത്തിൽ നടത്തുവാൻ പാടുള്ളൂ.

മേൽ വിവരിക്കുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുയെന്ന് ബന്ധപ്പെട്ട അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, അഡ്മിനിസ്ട്രേറ്റീവ് ആഫീസർ, സബ്ഗ്രൂപ്പാഫീസർ, ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതാണ്.

Indukumari

ദേവസ്വം കമ്മീഷണർ
(ഇൻ-ചാർജ്ജ്)
ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(പി&എസ്.ജി.ആർ.സി)

പകർപ്പ്:- 1) എല്ലാ ഡിപ്പാർട്ട്മെന്റ്/ ഓഫീസ് മേധാവികൾക്കും
2) ഐ.റ്റി. സെക്ഷൻ, ദേവസ്വം കമ്മീഷണർ ആഫീസ്
3) സെക്ഷൻ ഫയൽ

Jyo.01/07